## പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ഫെബ്രുവരി 24, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

### I അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: സ്വർണ്ണക്കടത്ത് കേസിലെ ഒരു പ്രതിയുടെ വെളിപ്പെടുത്തലുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യാനാണ് ചട്ടം 50 പ്രകാരം നോട്ടീസ് നൽകിയിട്ടുള്ളത്. ഇതുസംബന്ധിച്ച എല്ലാ കാര്യങ്ങളും

വിവിധ അന്വേഷണ ഏജൻസികളുടെയും കോടതിയുടെയും പരിഗണനയിലായതിനാൽ അടിയന്തര സാഹചര്യമുള്ളതായി കാണുന്നില്ല. അതിനാൽ നോട്ടീസ് പരിഗണിക്കാൻ നിർവ്വാഹമില്ല.

(അടിയന്തരപ്രമേയ നോട്ടീസ് പരിഗണനയ്ക്കെടുക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ പ്രതിപക്ഷ നേതാവിന്റെ സീറ്റിനരികിൽ വന്നുനിന്ന് ബഹളമുണ്ടാക്കിയതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടികളിലേയ്ക്ക് കടന്നു.)

## II ശ്രദ്ധക്ഷണിക്കൽ

### മണ്ണെണ്ണയുടെ ലഭ്യതക്കുറവുമൂലം മത്സ്യബന്ധന മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. പി. പി. ചിത്തരഞ്ജൻ: അടിക്കടിയുള്ള മണ്ണെണ്ണ വില വർദ്ധനയും ലഭ്യതക്കുറവും കാരണം സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ വളരെയധികം ബുദ്ധിമുട്ടുകയാണ്. സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതം ഏകദേശം 9200 കിലോലിറ്ററായി കേന്ദ്ര സർക്കാർ ചുരുക്കിയ സാഹചര്യത്തിൽ മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണയുടെയും ഡീസലിന്റെയും കേന്ദ്ര നികുതി കുറയ്ക്കണമെന്നും മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം. മത്സ്യഫെഡ് മുഖാന്തരം ലിറ്ററിന് 25

രൂപ നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിതരണം ചെയ്യുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കണം.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിലേയ്ക്ക് തിരികെ പോയി.)

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കേന്ദ്ര സർക്കാരിന്റെ നയങ്ങളുടെ ഫലമായി 2015-16-ൽ 56 രൂപയായിരുന്ന ഒരു ലിറ്റർ മണ്ണെണ്ണയുടെ പൊതുവിപണി വില 102 രൂപയായി ഉയർന്നിരിക്കുകയാണ്. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന 12000-ത്തോളം വരുന്ന മത്സ്യബന്ധന യാനങ്ങൾക്ക് പ്രതിവർഷം ഏകദേശം 98163 കിലോ ലിറ്റർ മണ്ണെണ്ണയാണ് ആവശ്യമായി വരുന്നത്. വിവിധ കാലഘട്ടങ്ങളിലായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചിരുന്ന മണ്ണെണ്ണ വിഹിതത്തിൽ ഗണ്യമായ കുറവ് വരുത്തിയിരിക്കുകയാണ്. അർഹമായ വിഹിതം ലഭിക്കാത്തതിനാൽ മത്സ്യബന്ധനത്തിനുള്ള സബ്സിഡി മണ്ണെണ്ണയുടെ വിതരണം ഏതാണ്ട് നിലച്ചിരിക്കുകയാണ്. 2021-22 വർഷത്തിൽ ഇതുവരെ ലഭിച്ച 21888 കിലോ ലിറ്റർ മണ്ണെണ്ണയിൽനിന്നും മത്സ്യബന്ധന മേഖലയ്ക്ക് ജനുവരി മാസം വരെയുള്ള ക്വാട്ട അനുവദിച്ചിരുന്നു. മതിയായ അളവിൽ മണ്ണെണ്ണ

ലഭിക്കാത്തതിനാൽ ജനുവരി മാസം പെർമിറ്റ് ഒന്നിന് അനുവദിക്കേണ്ടിയിരുന്ന 129 ലിറ്ററിന് പകരം 89 ലിറ്ററാണ് അനുവദിച്ചത്. ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വിഹിതം ഇതുവരെ ലഭിച്ചിട്ടില്ല. പരമ്പരാഗത തൊഴിലെന്ന നിലയിലും ഏറെ പിന്നോക്കാവസ്ഥയിലുള്ള മേഖലയെന്ന പരിഗണന നൽകിയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കാവശ്യമായ മണ്ണെണ്ണ നികുതി ഒഴിവാക്കി അനുവദിക്കണമെന്ന് ഭരണ-പ്രതിപക്ഷ ഭേദമെന്യേ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടേണ്ടതുണ്ട്. മത്സ്യത്തൊഴിലാളികൾ ക്കാവശ്യമായ മണ്ണെണ്ണ ലാന്റിംഗ് സെന്ററിൽത്തന്നെ ബങ്കുകൾ സ്ഥാപിച്ച് വിതരണം ചെയ്യുന്നതിനായി മത്സ്യഫെഡിനെ മൊത്തവിതരണ ഏജൻസിയാക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര ഗവൺമെന്റിനും പെട്രോളിയം കമ്പനികൾക്കും നൽകിയെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ നോൺ-സബ്സിഡിയായി അനുവദിച്ച് കിട്ടുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. മൊത്തവിതരണ ലൈസൻസ് ലഭിക്കുന്ന പക്ഷം മത്സ്യഫെഡ് വഴി തീരദേശ മേഖലയിൽ ബങ്കുകൾ സ്ഥാപിച്ച് ആവശ്യമായത്രയും മണ്ണെണ്ണ 25 രൂപ നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക്

വിതരണം ചെയ്യുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): റൂൾ 50 നിഷേധിക്കുന്ന അവസരങ്ങളിൽ എല്ലാ സ്പീക്കർമാരും പ്രതിപക്ഷനേതാവിന് സംസാരിക്കാൻ അവസരം നൽകാറുണ്ട്. കീഴ്വഴക്കത്തിന് നിരക്കാത്ത കാര്യമായതിനാൽ സ്പീക്കറുടെ തീരുമാനം പുന: പരിശോധിക്കണം.

മി. സ്പീക്കർ: അടിയന്തരപ്രമേയ നോട്ടീസ് നേരത്തെ ഡിസ്പോസ് ചെയ്തതാണ്.

(അടിയന്തരപ്രമേയ നോട്ടീസ് പരിഗണനയ്ക്കെടുക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസ്സിന് മുന്നിൽവന്നുനിന്ന് ബാനർ ഉയർത്തി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

## III സബ്മിഷൻ

### (1) കുറ്റ്യാടിയിൽ ഫയർ സ്റ്റേഷൻ

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: കുറ്റ്യാടിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കുറ്റ്യാടി മേഖലയിലെ രക്ഷാപ്രവർത്തനങ്ങൾ നിലവിൽ നടത്തുന്നത് നാദാപുരം, പേരാമ്പ്ര, വടകര എന്നീ അഗ്നിരക്ഷാ നിലയങ്ങളിൽനിന്നാണ്. സമീപകാലത്ത് കുറ്റ്യാടിയിൽ അഗ്നിബാധയുണ്ടായപ്പോഴും പ്രസ്തുത നിലയങ്ങൾ നല്ല നിലയിലുള്ള സേവനമാണ് നൽകിയിട്ടുള്ളത്. സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തീരുമാനമെടുക്കുന്ന ഘട്ടത്തിൽ കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(2) വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളപരിഷ്കരണം

ശ്രീ. ജി. എസ്. ജയലാൽ: കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളവും പെൻഷനും അടിയന്തരമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കാനുള്ള നിർദ്ദേശങ്ങളടങ്ങിയ ശിപാർശകൾ 2021 ജൂലൈ മാസം സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും ടി റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിക്കുന്നതിനും മറ്റ് നടപടികൾക്കുമായി ഫയൽ ധനകാര്യ വകുപ്പിൽ അയച്ചിട്ടുള്ളതും

ധനകാര്യ വകുപ്പിന്റെ 12-08-2015-ലെ സർക്കുലർപ്രകാരമുള്ള വിവിധ രേഖകളും വിവരങ്ങളും തുടർന്ന് ലഭ്യമാക്കിയിട്ടുള്ളതുമാണ്. ശമ്പള പരിഷ്കരണത്തിനുവേണ്ട അധികച്ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ ധനകാര്യ വകുപ്പ് ഭരണവകുപ്പിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടുസഹിതം 16-02-2022-ന് ഫയൽ ധനകാര്യ വകുപ്പിന് കൈമാറിയിരിക്കുകയാണ്. ചട്ടപ്രകാരമുള്ള പരിശോധനകളും അനുബന്ധ നടപടികളും പൂർത്തിയാകുന്നമുറയ്ക്ക് കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളവും പെൻഷനും കാലോചിതമായി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(3) വൈദ്യുതി എത്തിക്കുന്നതിന് നടപടി

ശ്രീമതി ശാന്തകുമാരി കെ. : കോങ്ങാട് നിയോജകമണ്ഡലത്തിലെ പൂഞ്ചോല ഓടക്കുന്ന് പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കണം.

(ബഹുമാനപ്പെട്ട സ്പീക്കറുടെ മുഖത്തിന് നേരെ പ്രതിപക്ഷാംഗങ്ങൾ ബാനർ ഉയർത്തി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ സഭ 10.28-ന് നിർത്തിവയ്ക്കുകയും

11.00-ന് പുനരാരംഭിക്കുകയും ചെയ്തു.)

മി. സ്പീക്കർ: കക്ഷിനേതാക്കളുടെ യോഗം ചേർന്ന് സഭ തുടർന്നുപോകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സഭാനടപടികളുമായി മുന്നോട്ടുപോകുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സംസ്ഥാനത്തെ ബാധിക്കുന്ന പ്രധാനപ്പെട്ട ഒരു വിഷയം സഭയിൽ അവതരിപ്പിക്കാൻ അനുമതി നൽകാത്തതിൽ അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. ഈ സഭാസമ്മേളനം തുടങ്ങിയതുമുതൽ നിരന്തരമായ തടസ്സവാദങ്ങളുന്നയിച്ചും ബഹളമുണ്ടാക്കിയും ഭരണകക്ഷിയുടെ ഭാഗത്തുനിന്ന് വളരെ നിഷേധാത്മകമായ സമീപനമാണുണ്ടാകുന്നത്. ജനാധിപത്യവിരുദ്ധമായ ഈ കീഴ്വഴക്കങ്ങളോട് യോജിച്ചുപോകാൻ കഴിയാത്തതിനാൽ ഇന്നത്തെ തുടർന്നുള്ള സഭാ നടപടികൾ പൂർണ്ണമായും ബഹിഷ്കരിക്കുന്നു.

(പ്രതിപക്ഷം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

മി. സ്പീക്കർ: ബാക്കിയുള്ള സബ്മിഷനുകളുടെ മറുപടി ബന്ധപ്പെട്ട മന്ത്രിമാർക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

## IV റിപ്പോർട്ട് സമർപ്പണം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനേഴ് മുതൽ പത്തൊമ്പത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

## V ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നവകേരളസൃഷ്ടിക്കായി സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന നവീന വികസന കാഴ്ചപ്പാടാണ് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം. രാജ്യത്തിനും ലോകത്തിനും മാതൃകയായ എൽ.ഡി.എഫ്. സർക്കാർ ഭാവിയുടെ വഴികാട്ടിയും പ്രചോദനവുമാണ്. പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് സമ്പദ്‌വ്യവസ്ഥ പുനരുജ്ജീവിപ്പിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. സംസ്ഥാന സർക്കാരിനോടുള്ള കേന്ദ്ര ഗവൺമെന്റിന്റെയും പ്രതിപക്ഷത്തിന്റെയും നിലപാട് നിഷേധാത്മകവും വികസനത്തെ തടസ്സപ്പെടുത്തുന്നതുമാണ്. സിൽവർ ലൈൻ പദ്ധതിയെ പ്രതിപക്ഷം എതിർക്കുന്നത് ദൗർഭാഗ്യകരമാണ്.

ശ്രീ. വി. ശശി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ-സുസ്ഥിര വികസന-ദേശീയാരോഗ്യ സൂചികയിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം നേടാൻ സാധിച്ചത് അഭിമാനകരമായ നേട്ടമാണ്. കേന്ദ്ര സർക്കാർ

സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം കുറച്ചത് പ്രതിഷേധാർഹമാണ്. റെയിൽവേ സോൺ നിഷേധിച്ചതും പാലക്കാട് കോച്ച് ഫാക്ടറിക്കും സബർബൻ റെയിൽവേ പ്രോജക്ടിനും അനുമതി നൽകാത്തതും ശബരി റെയിൽപാതയ്ക്കും എയിംസിനും അനുകൂല നിലപാട് സ്വീകരിക്കാത്തതുമായ കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് അപലപനീയമാണ്. വി.എഫ്.പി.സി.കെ.യുടെ കീഴിൽ എഫ്.പി.ഒ.-യും കൃഷിശ്രീ, ബഹുവിള കൃഷി പദ്ധതികൾ എന്നിവ നടപ്പിലാക്കാനുള്ള തീരുമാനവും കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി വികസിപ്പിക്കാനുള്ള നടപടിയും സ്വാഗതാർഹമാണ്. ഉന്നതവിദ്യാഭ്യാസ രംഗത്തെ എൻറോൾമെന്റ് അനുപാതം 75 ശതമാനമായി ഉയർത്തണം. പട്ടയവിതരണം കാര്യക്ഷമമായി നടത്താൻ സാധിച്ചതും റീ-സർവ്വേ നടപടികൾ ത്വരിതഗതിയിലാക്കിയതും ശ്ലാഘനീയമാണ്. കയർ-കയറുൽപ്പന്ന കയറ്റുമതി പ്രോത്സാഹിപ്പിക്കണം.

<u>ശ്രീ. ജോബ് മൈക്കിൾ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കോവിഡ് കാലത്ത് യഥാസമയം ചികിത്സ ലഭ്യമാക്കാനും മരണപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകാനും സാധിച്ചത് സർക്കാരിന്റെ നേട്ടങ്ങളാണ്. മുല്ലപ്പെരിയാർ ഡാമിന്റെ സംഭരണശേഷി 136 അടിയാക്കി

നിലനിർത്തിയതും പുതിയ ഡാം നിർമ്മിക്കുമെന്ന പ്രഖ്യാപനവും പുതിയ വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയതും കൃഷി ഭവനുകളെ സ്മാർട്ട് കൃഷി ഭവനാക്കി ഉയർത്തിയതും അഗ്രികൾച്ചർ കേഡറ്റ് കോർപ്സ് പ്രോഗ്രാം സംഘടിപ്പിക്കാൻ തീരുമാനിച്ചതും പ്രശംസനീയമാണ്.

ശ്രീ. കെ. ആൻസലൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ആഭ്യന്തര വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ റവന്യൂ ജില്ലകളിലും ജില്ലാ ഫോറൻസിക് ലബോറട്ടറികളും ഡീ-അഡിക്ഷൻ സെന്ററുകളും സ്ഥാപിക്കുന്നതും കണ്ണൂർ ജില്ലയിൽ ഫയർ സേഫ്റ്റി സയൻസ് പോസ്റ്റ് ഗ്രാജ്വേറ്റ് റിസർച്ച് സെന്റർ ആരംഭിക്കുന്നതും സ്വാഗതാർഹമാണ്. ജുഡീഷ്യറിയിൽ ഇ-ഗവേണൻസ് പ്രോജക്ടിന്റെ ഭാഗമായി കേരള ഹൈക്കോടതിയിൽ ഒരു ഡാറ്റാ സെന്റർ രൂപീകരിക്കുന്നത് അഭിനന്ദനാർഹമാണ്. ആരോഗ്യ-വിദ്യാഭ്യാസ രംഗത്തുള്ള പ്രവർത്തനങ്ങൾ മാതൃകാപരമാണ്.

ശ്രീമതി ദെലീമ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പൊതുജനാരോഗ്യ രംഗത്തെ കഴിഞ്ഞ സർക്കാരിന്റെ പ്രവർത്തനങ്ങൾ അന്താരാഷ്ട്ര ശ്രദ്ധനേടിയതും നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ

കേരളം ഒന്നാമതായതും പ്രശംസനീയമാണ്. തുറവൂർ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനസജ്ജമാക്കിയതും പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തിയതും പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയതും ദേശീയപാതാ വികസനത്തിന് ഭൂമി ഏറ്റെടുത്ത് നൽകിയതും പുനർഗേഹം പദ്ധതി ആരംഭിച്ചതും സ്വാഗതാർഹമാണ്. തീരദേശവാസികളായ പട്ടികജാതിക്കാരെ ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണം. നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ സാധിച്ചതും വിശപ്പ് രഹിത കേരളം പദ്ധതി, മെഗാ ഫുഡ് പാർക്ക് എന്നിവ ആരംഭിച്ചതും അഭിനന്ദനാർഹമാണ്.

ശ്രീ. മാത്യു ടി. തോമസ്: നയപ്രഖ്യാപനത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് പ്രതിസന്ധി കാലത്ത് സൗജന്യ ഭക്ഷ്യ കിറ്റുകളും ക്ഷേമപെൻഷനും വിതരണം ചെയ്തത് അഭിനന്ദനാർഹമാണ്. വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി വിനിയോഗിക്കാൻ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സെക്രട്ടേറിയറ്റിലും അനുബന്ധ ഓഫീസുകളിലും ഫയലുകളുടെ നീക്കം വേഗത്തിലാക്കുന്നതിനും സേവനാവകാശനിയമം കാലോചിതമായി പരിഷ്കരിച്ച് ഭേദഗതി

വരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എം. എം. മണി: നയപ്രഖ്യാപനത്തെ അനുകൂലിക്കുന്നു. വികസന പ്രവർത്തനങ്ങൾക്ക് തുരങ്കം വയ്ക്കുന്ന തരത്തിലുള്ള അഭിപ്രായപ്രകടനങ്ങൾ പ്രതിപക്ഷം നടത്തുന്നത് അപലപനീയമാണ്. കേരളത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് സഹായകമായ നിലപാടാണ് നന്ദിപ്രമേയത്തിലുടനീളമുള്ളത്. അതിവേഗ റെയിൽവേ, ശബരിമല വിമാനത്താവളം തുടങ്ങി നാടിന്റെ പുരോഗതിക്കുതകുന്ന കർമ്മപരിപാടികളാണ് സർക്കാർ നടപ്പാക്കുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിനും വൈദ്യുതി വിതരണരംഗത്ത് ശാസ്ത്രീയമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും പുതിയ പദ്ധതികൾക്ക് തുടക്കം കുറിക്കുന്നതിനും കഴിഞ്ഞ സർക്കാരിന് സാധിച്ചിട്ടുണ്ട്. ടൂറിസം വ്യവസായത്തിനായി ഭൂമി അനുവദിച്ചതിനെതിരെ ദുരാരോപണം ഉന്നയിച്ച നടപടി ഖേദകരമാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ഭരണപരമായ നടപടിക്രമങ്ങളിലെ ചില പോരായ്മകളെക്കുറിച്ച് ഇവിടെ ഒരംഗം ആരോപണം ഉന്നയിക്കുകയുണ്ടായി. ചില ടെണ്ടറുകളിൽ വേണ്ട മുൻകൂർ രഹസ്യാത്മകത നിലനിർത്താത്തത് ശ്രദ്ധയിൽപ്പെട്ടയുടൻ

കെ.എസ്.ഇ.ബി.എൽ. അധികൃതർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് രേഖാമൂലം താക്കീത് നൽകി പ്രസ്തുത പ്രശ്നം പരിഹരിച്ചിട്ടുള്ളതാണ്. ഹൈഡൽ ടൂറിസം പദ്ധതികളോടനുബന്ധിച്ച് സഹകരണ ബാങ്കുകളുമായുള്ള ഇടപാടുകളിൽ വന്നിട്ടുള്ള അപാകതകളെക്കുറിച്ച് ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അന്വേഷിക്കുന്നതാണ്. സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകാമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സത്യവാങ്മൂലം സമർപ്പിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ശമ്പളപരിഷ്കരണം സംബന്ധിച്ച് എ.ജി.-യുടെ പരാമർശം പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്. ഇവിടെ ഉന്നയിച്ച ആരോപണങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതുമാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): വിവാദമുണ്ടാക്കി വികസനപ്രവർത്തനങ്ങളെ തടയുകയെന്ന തന്ത്രമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. യുക്രെയ്നിൽ അകപ്പെട്ടവരെ തിരികെ

കൊണ്ടുവരുന്നതിനുള്ള ശ്രമം ത്വരിതപ്പെടുത്തുന്നതാണ്. മഹാപ്രളയങ്ങൾ, കോവിഡ് മഹാമാരി തുടങ്ങിയ പ്രകൃതി ദുരന്തങ്ങളെ അതിജീവിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. മഹാമാരി ലോകത്തിന്റെ പല ഭാഗങ്ങളിലും സാമ്പത്തികത്തകർച്ചയും മനുഷ്യവിഭവ തകർച്ചയും സാമൂഹ്യ ജീവിതത്തിൽ വൻപ്രതിസന്ധികളുമുണ്ടാക്കി. ജനങ്ങളുടെ ജീവനും ജീവനോപാധികളും സംരക്ഷിച്ചും വികസനത്തെ ശക്തിപ്പെടുത്തിയും പ്രതികൂല ഘടകങ്ങളെ അതിജീവിച്ചുമാണ് പുതിയ കേരളം കെട്ടിപ്പടുക്കുന്നത്. പ്രതിസന്ധികളെ രാഷ്ട്രീയ ഇച്ഛാശക്തിയോടെ അതിജീവിച്ചതിന്റെയും കേരളത്തെ കണ്ണിന്റെ കൃഷ്ണമണിപോലെ കാത്തുരക്ഷിച്ചതിനുമുള്ള അംഗീകാരമാണ് തുടർഭരണം. ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ, വികസന പരിപാടികൾ, ക്ഷേമ പദ്ധതികൾ എന്നിവയിലൂടെ തുടർഭരണത്തിന്റെ അവസരത്തെ ഫലപ്രദമായി പ്രയോജനപ്പെടുത്തിയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. വിവിധ പദ്ധതികളുടെ നിർവ്വഹണത്തിന് സമയം നിശ്ചയിച്ച് ജനങ്ങളെ വിശ്വാസത്തിലെടുത്ത് മുന്നോട്ടുപോകാനും നൂറുദിന കർമ്മ പരിപാടികളിലൂടെ ആസൂത്രിത പദ്ധതികൾ കൃത്യമായി നടപ്പിലാക്കി ജനങ്ങളെ ബോധ്യപ്പെടുത്താനും ജനാധിപത്യ സംവിധാനത്തെ കൂടുതൽ

ജനകേന്ദ്രീകൃതമാക്കാനുമാണ് ലക്ഷ്യമിടുന്നത്. സർവ്വതലസ്പർശിയായ വികസനമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. കോവിഡുമായി ബന്ധപ്പെട്ട അസാധാരണ സാഹചര്യത്തെ നേരിടാനാണ് സുരക്ഷാ ഉപകരണങ്ങൾ ഉയർന്ന വിലയ്ക്ക് വാങ്ങാനുള്ള നടപടികൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വീകരിച്ചത്. തദ്ദേശീയമായി കുറഞ്ഞ വിലയ്ക്ക് അവ ലഭ്യമായപ്പോൾ വാങ്ങുകയും ഉയർന്ന നിരക്കിലുള്ള ഓർഡർ ക്യാൻസൽ ചെയ്യുകയുമാണ് ചെയ്തത്. കോവിഡ് സാമഗ്രികൾ വാങ്ങിയതിന്റെ പേരിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ അഴിമതി നടന്നിട്ടില്ല. ലോകാരോഗ്യസംഘടനയുടെയും ഐ.സി.എം.ആർ-ന്റെയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് കോവിഡ് 19 മൂലമുള്ള മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിനാലാണ് കോവിഡ് മരണങ്ങളുടെ എണ്ണത്തിൽ മാറ്റം വന്നത്. കോവിഡ് മരണ പട്ടികയിൽ ഒന്നിലധികം തവണ ഉൾപ്പെട്ടിട്ടുള്ള പേരുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി നടപ്പുസാമ്പത്തികവർഷത്തിൽ 1830 കോടി രൂപ അനുവദിക്കുകയും 14

വകുപ്പുകളിലായി 7910.20 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും 5428.18 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. മധു കൊലപാതക കേസിൽ നിയമിച്ച പബ്ലിക് പ്രോസിക്യൂട്ടർ കേസിൽ ഹാജരാകാൻ തയ്യാറാകാത്ത സാഹചര്യത്തിലാണ് മധുവിന്റെ അമ്മയുടെ നിർദ്ദേശപ്രകാരം പുതിയ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചത്. വിചാരണ ആരംഭിക്കാത്തതിനാൽ കേസ് ദുർബ്ബലപ്പെട്ടുപോകുന്ന അവസ്ഥ ഉണ്ടായിട്ടില്ല.

ലോകായുക്ത നിയമത്തിലെ 9, 12, 14, 15 വകുപ്പുപ്രകാരമുള്ള അധികാരങ്ങൾ നിലനിർത്തിയാണ് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ആദ്യ നൂറുദിന പരിപാടിയുടെ ഭാഗമായി 72000 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നടപ്പു നൂറ് ദിന പരിപാടിയിൽ വിവിധ വകുപ്പുകളിലായി 1557 പദ്ധതികൾ 17183.89 കോടി രൂപയുടെ അടങ്കലോടെ നടപ്പാക്കാനും 464000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമാണ് ലക്ഷ്യമിടുന്നത്. 100 ദിവസത്തിനുള്ളിൽ 140 നിയമസഭാ മണ്ഡലങ്ങളിൽ 100 കുടുംബങ്ങൾക്ക് വീതവും 30000 സർക്കാർ ഓഫീസുകൾക്കും കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. ലൈഫ് മിഷൻ വഴി 20000 വ്യക്തിഗത വീടുകളും മൂന്ന്

ഭവന സമുച്ചയങ്ങളും പൂർത്തീകരിക്കാനും എല്ലാ ജില്ലകളിലും സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കാനും ഭൂരഹിതരായ 15000 പേർക്ക് പട്ടയം വിതരണം ചെയ്യാനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി ആരംഭിക്കാനും ലക്ഷ്യമിടുന്നു.

ഇന്ത്യയിൽ പഞ്ചവത്സര പദ്ധതി ഫലപ്രദമായി നടപ്പാക്കുന്ന സംസ്ഥാനം കേരളമാണ്. 2021-22 സാമ്പത്തിക വർഷത്തിൽ ഇതുവരെ സംസ്ഥാന പദ്ധതിച്ചെലവ് 73.78 ശതമാനമാണ്. 2020-21- സാമ്പത്തിക വർഷത്തിൽ പദ്ധതി അടങ്കൽ മുഴുവനായി ചെലവഴിക്കാൻ ഗവൺമെന്റിന് സാധിച്ചു. സംസ്ഥാനത്തിന്റെ അവകാശങ്ങൾ കേന്ദ്രത്തിനുമുന്നിൽ ശക്തമായി ഉന്നയിക്കാൻ സർക്കാർ മുൻകയ്യെടുത്തിട്ടുണ്ട്. അതിദരിദ്രരെ ദരിദ്രാവസ്ഥയിൽനിന്ന് മോചിപ്പിക്കാനുള്ള നപടികൾ സ്വീകരിച്ചുവരുന്നു. നന്ദിപ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിച്ചു

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദിപ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

സഭ ഉച്ചയ്ക്കുശേഷം 1.22-ന് പിരിഞ്ഞു.

*******